# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:993

30.01.2019-ലെ മറുപടി

## ഞാറക്കൽ, മുരിക്കുംപാടം ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഞാറക്കൽ, മുരിക്കുംപാടം ശുദ്ധജല ടാങ്കുകളുടെ നിർമ്മാണ പ്രവൃത്തി വൈകിയതിന് കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ എത്രയെന്നും ഏതൊക്കെ കാലയളവിലെന്നും വ്യക്തമാക്കാമോ; | (എ) | 09/12/2014-ൽ കരാറു കാരന് നൽകിയ ആറാമത്തെ പാർട്ട് ബില്ലിൽ നിന്നും ഒരു ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്. എന്നാൽ സമയം നീട്ടി നൽകിയതിനു ശേഷവും നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്ന-തിനാൽ കരാർ തുകയുടെ 10% തുകയായ 56,93,094/- രൂപ പിഴയായി ഈടാക്കേണ്ടതുണ്ട്. ഇതിൽ ഒരു ലക്ഷം രൂപ ഈടാക്കിയത് കഴിച്ച് ബാക്കി 55,93,094/- രൂപ പിഴ ഈടാക്കേണ്ടതായിട്ടുണ്ട്.<br>മുരിക്കുംപാടം ജലസംഭരണി യുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. പക്ഷെ പ്രവൃത്തികൾ കരാറുകാരന്റെ വീഴ്ച മൂലം യഥാസമയം പൂർത്തീകരിക്കാത്തതിനാൽ കരാർ തുകയായ 10% പിഴ 54,69,825/- രൂപ ഈടാക്കുന്നതിനും ബാക്കി നിർമ്മാണ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തര-വാദിത്വത്തിൽ പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ പുരോഗമിച്ചുകൊ-ണ്ടിരിക്കുന്നു. |
| (ബി) | ഇരു പ്രവൃത്തികൾക്കുമായി കരാർ നീട്ടിക്കൊടുക്കുന്നതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയെന്ന് | (ബി) | ഈ പ്രവൃത്തികളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം, തൊഴിൽ തർക്കം, ടിപ്പർ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | വിശദമാക്കാമോ; എത്രതവണ കരാർ നീട്ടികൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | | ലോറി സമരം, ക്വാറി സമരം എന്നീ കാരണങ്ങളാണ് കരാർ നീട്ടികൊടുക്കു ന്നതിന് കാരണമായത്. മുരിക്കുംപാടം ജലസംഭരണി യുടെ കരാർ കാലാവധി 5 പ്രാവശ്യവും ഞാറയ്ക്കൽ ജലസംഭര ണിയുടെ കരാർ 4 പ്രാവശ്യവും നീട്ടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീ കരിക്കുന്നതിന് കേരള ജല അതോറിറ്റി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരി ക്കുന്നതിന് കരാറുകാരുടെ നഷ്ടോത്തര വാദിത്വത്തിൽ ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് സ്വീകരിക്കുകയും ആയതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**